9-ാം ശമ്പള കമ്മീഷൻ ശുപാർശ ചെയ്ത സ്കെയിലുകൾ

97 (2575) ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ഏത് വകുപ്പിലെ ഉദ്യോഗസ്ഥനാണ് ; അദ്ദേഹം പ്രസ്തുത വകുപ്പിലെ ഏത് തസ്തികയിലാണ് ജോലി ചെയ്യുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത തസ്തികയ്ക്ക് നിലവിലെ ശമ്പളസ്കെയിൽ എത്രയാണ് ;

(സി) 9-ാം ശമ്പള കമ്മീഷൻ പ്രസ്തുത തസ്തികയ്ക്ക് ശുപാർശ ചെയ്ത സ്കെയിൽ എത്ര ; ഇതിൽ എത്ര ശതമാനം വർദ്ധന നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ മറ്റ് വകുപ്പുകളിലെ സമാന സ്കെയിലെ എല്ലാ തസ്തികകൾക്കും പ്രസ്തുത തസ്തികയ്ക്ക് ലഭിച്ച വർദ്ധന നിരക്ക് ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) സഹകരണ വകുപ്പിലെ ജോയിന്റ് രജിസ്ട്രാർ തസ്തികയിലാണ് ജോലി ചെയ്യുന്നത്.

(ബി) 16650 - 23200

(സി) 36140 - 46640, 117%

(ഡി) ഇല്ല.

ശമ്പള പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് കേരള ഗവൺമെന്റ് ഹോമിയോ മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ നൽകിയ നിവേദനം

98 (2576) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശമ്പളപരിഷ്ക്കരണവുമായി ബന്ധപ്പെട്ട് കേരള ഗവൺമെന്റ് ഹോമിയോ മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ നിവേദനം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത നിവേദനത്തിലെ ആവശ്യങ്ങളെന്തൊക്കെയെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ;

(സി) ബിരുദാനന്തര ബിരുദമുള്ള ഡോക്ടർമാർക്ക് പി.ജി. അലവൻസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly